# ST. JOSEPH'S H.S. MATTAKKARA






# സമഗ്ര
# വിദ്യാലയ വികസനരേഖ
## 2025 - 2026
### അക്കാദമികം – ഭൗതികം – സാംസ്കാരികം

“വിഷൻ സെന്റ് ജോസഫ്സ് 2030”

# ‘വിഷൻ സെന്റ് ജോസഫ്സ് 2030’

# സമഗ്ര വിദ്യാലയ വികസനരേഖ

**2025-2026**

**അക്കാദമികം – ഭൗതികം – സാമൂഹികം**

Vision

2030




**തയ്യാറാക്കിയത് :– സെന്റ് ജോസഫ്സ് ഹൈസ്കൂൾ, മറ്റക്കര**

# ഉള്ളടക്കം




1 ആമുഖം

2 അടിസ്ഥാനവിവരങ്ങൾ

3 സ്കൂളിന്റെ ചരിത്രം

4 നിലവിലുള്ള അവസ്ഥ

5 സ്കൂളിന്റെ നേട്ടങ്ങൾ

6 പൊതുലക്ഷ്യങ്ങൾ

7 പ്രധാന പ്രതിസന്ധികൾ - പരിമിതികൾ

8 ഭൗതിക സൗകര്യവികസന ആസൂത്രണരേഖ

9 പ്രത്യേക പരിപാടികൾ

10 അക്കാദമിക പ്രവർത്തനങ്ങൾ

11 സർഗ്ഗാത്മക പ്രവർത്തനങ്ങൾ

12 പദ്ധതി വിശദാംശങ്ങൾ

13 പ്രതീക്ഷിത നേട്ടങ്ങൾ

14 മോണിട്ടറിംഗ് രീതി

15 ഉപസംഹാരം





# ആമുഖം

മറ്റക്കര സെന്റ്ജോസഫ്സ് ഹൈസ്കൂൾ കഴിഞ്ഞ 76 വർഷമായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ അനേകം കുരുന്നുകളെ ഉത്തമ പൗരന്മാരാക്കി വളർത്തുകയും അറിവിന്റെ കൈത്തിരിവെട്ടം കൊളുത്തി വിജ്ഞാനത്തിന്റെ അഗ്നിജ്വാലയായ് മാറി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ യശസ്സ് ഉയർത്തുന്നതിന് കാരണമാകുകയും ചെയ്തു.

അനേകം തലമുറകളെ അക്ഷരജ്ഞാനത്തിന്റെ അനന്തവിഹായസിലേക്ക് കൈപിടിച്ചുയർത്തിയ മറ്റക്കര സെന്റ് ജോസഫ്സ് ഹൈസ്കൂൾ 77-ാം അക്കാദമിക് വർഷത്തിൽ എത്തി നിൽക്കുന്നു.

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | **സെന്റ് ജോസഫ്സ് എച്ച്. എസ്സ്., മറ്റക്കര** |
| വിലാസം | : | **മറ്റക്കര, മൂഴൂർ പി.ഒ., കോട്ടയം** – 686 503 |
| ഫോൺ | : | 0481 2542281 |
| സ്കൂൾ കോഡ് | : | 33063 |
| വിദ്യാഭ്യാസ ഉപജില്ല | : | **കൊഴുവനാൽ** |
| വിദ്യാഭ്യാസ ജില്ല | : | **കോട്ടയം** |
| റവന്യൂ ജില്ല | : | **കോട്ടയം** |
| ബി.ആർ.സി. | : | **കൊഴുവനാൽ** |
| സി.ആർ.സി. | : | **ഗവ. എൽ.പി.എസ്, മണൽ** |
| ഗ്രാമപഞ്ചായത്ത് | : | **അകലക്കുന്നം** |
| ബ്ലോക്ക് പഞ്ചായത്ത് | : | **പാമ്പാടി** |
| ജില്ലാ പഞ്ചായത്ത് | : | **കോട്ടയം** |
| നിയമസഭ മണ്ഡലം | : | **പുതുപ്പള്ളി** |
| ലോകസഭാ മണ്ഡലം | : | **കോട്ടയം** |
| താലൂക്ക് | : | **കോട്ടയം** |
| വില്ലേജ് | : | **അകലക്കുന്നം** |
| ഇ-മെയിൽ | : | stjosephsmattakara@gmail.com |
| സ്കൂൾ വിക്കി | : | 33063Swiki@gmail.com |



# സ്കൂളിന്റെ ചരിത്രം

മഞ്ഞാമറ്റത്തു നിന്നും അരകിലോമീറ്റർ പടിഞ്ഞാറ് പൊട്ടക്കുളത്ത് സെന്റ് ആന്റണീസ് എൽ. പി. സ്കൂൾ അടപ്പൂർ (മലയാളം പ്രൈമറി സ്കൂൾ) എന്ന പേരിൽ 1916–ൽ ഒന്നും രണ്ടും മൂന്നും ക്ലാസ്സുകൾ മാത്രമായി, പൊട്ടക്കുളത്ത് ചെറിയാന്റെ (കുട്ടൻചേട്ടൻ) മാനേജ്മെന്റിൽ ആരംഭിച്ച സ്കൂളിൽ, ബഹുമാന്യരായ കേശവപിള്ളസാറും മാധവൻപിള്ളസാറും വാര്യർസാറും അധ്യാപനം തുടങ്ങി. പൊട്ടക്കുളത്ത് ചെറിയാന്റെ കാലശേഷം അഞ്ചാലക്കൽ ചാക്കോച്ചൻ പ്രസ്തുത സ്കൂളിന്റെ മാനേജർസ്ഥാനം ഏറ്റെടുത്തു. മറ്റക്കര ക്ലാരമഠത്തിലെ അംഗങ്ങളായിരുന്ന ബഹു. അന്തോനീസാമ്മയും ബഹു. റീത്താമ്മയും 1931 മുതൽ ഈ സ്കൂളിൽ അധ്യാപികമാരായി ജോലിനോക്കിത്തുടങ്ങി. മറ്റക്കരയിൽ നിന്നും നിത്യം കാൽനടയായി യാത്ര ചെയ്ത് പൊട്ടക്കുളം സ്കൂളിൽ പഠിപ്പിക്കുന്നതിന്റെ ബുദ്ധിമുട്ടും യാത്രാതടസവും പരിഗണിച്ച്, അഞ്ചാലക്കൽ ചാക്കോച്ചൻ മഞ്ഞാമറ്റത്ത് 85 സെന്റ് സ്ഥലം ദാനമായിതന്ന് സ്കൂൾ പണി ആരംഭിച്ചു. അങ്ങനെ 1916–ൽ പൊട്ടക്കുളത്ത് ആരംഭിച്ച സ്കൂൾ 1932–ൽ മഞ്ഞാമറ്റത്ത് പ്രവർത്തിച്ചുതുടങ്ങി. തുടർന്ന്, നാലും അഞ്ചും ക്ലാസ്സുകൾ കൂടി ആരംഭിച്ച് ഒരു പൂർണ്ണ പ്രൈമറി സ്കൂൾ ആയിത്തീർന്നു.

കെട്ടിടം പണിക്കുവേണ്ടി അത്യധ്വാനം ചെയ്ത് ഈ സ്ഥാപനത്തെ വളർത്തിയത് ബഹു. അബ്രാഹം മുണ്ടിയാനിക്കൽ അച്ചനാണ്. പൊട്ടക്കുളം സ്കൂളിന്റെ ആരംഭം മുതൽ ഹെഡ്മാസ്റ്ററായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്ന ബഹു. കേശവപിള്ളസാർ ഹെഡ്മാസ്റ്റർ ജോലി സിസ്റ്റേഴ്സിന് വിട്ടുകൊടുത്ത് അസിസ്റ്റന്റ് ആയി തുടർന്നു. കേശവപിള്ളസാറിന് ശേഷം ബഹു. അന്തോനീസാമ്മയും ബഹു. റീത്താമ്മയും സ്കൂളന്റെ അഭിവൃദ്ധി ലക്ഷ്യമാക്കി പ്രവർത്തിച്ചവരാണ്.

പ്രാമറി വിദ്യാഭ്യാസത്തിനുശേഷം തുടർന്നു പഠിക്കുവാൻ സൗകര്യമില്ലാത്തതിനാൽ ഇവിടെ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിക്കണമെന്ന് സ്ഥലവാസികൾ ആഗ്രഹം പ്രകടിപ്പിച്ചു. 1948 മെയ് 13–ന് അതിന് അനുവാദം ലഭിച്ചു. 1948 മെയ് 17–ന് ചേർന്ന പൊതുസമ്മേളനത്തിൽ വച്ച് റവ. ഫാ. ജോർജ്ജ് കലേക്കാട്ടിൽ, മറ്റക്കര സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രൈമറി സ്കൂൾ അധ്യാപികായിരുന്ന റവ. സി. മേരി സ്റ്റാൻസ്ലസിനെ ഹെഡ്മിസ്ട്രസായും റവ. സി. ജെയിൻ മലയാളം ടീച്ചറായും നിയമിതരായി. അഞ്ചാം ക്ലാസ്സിൽ നിന്നും വിജയിച്ച 38 കുട്ടികളെ ചേർത്ത് ഒന്നാം ഫോറം ആരംഭിച്ചു. പ്രസ്തുത മിഡിൽ സ്കൂൾ സ്ഥാപിക്കുന്നതിനും ഗവൺമെന്റിൽ നിന്നും അംഗീകാരം നേടുന്നതിനും അങ്ങേയറ്റം പരിശ്രമിച്ചത് ദീപിക പത്രാധിപരായിരുന്ന വെരി. റവ. ഫാ. റോമയോ തോമസ് മണ്ണനാൽ ആണ്.

മിഡിൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചെങ്കിലും സാമ്പത്തികക്ലേശം സ്കൂൾപണിയുടെ മുന്നിൽ ഒരു ചോദ്യചിഹ്നമായപ്പോൾ, പ്രതിബന്ധങ്ങളുടെ മുന്നിൽ പതറാത്ത, ഭക്തിമാർഗ്ഗവും കർമ്മമാർഗ്ഗവും ഒരുമിച്ചു സമ്മേളിച്ചിരുന്ന സ്കൂൾ മാനേജർ റവ. ഫാ. ജോർജ്ജ് കലേക്കാട്ടിലിന്റെ പ്രവർത്തനഫലമായി സ്കൂൾ പണി പുരോഗമിച്ചു. സേവനസന്നദ്ധരും നിസ്വാർത്ഥരുമായ ഇന്നാട്ടുകാർ അച്ചനോടൊത്ത് പ്രവർത്തിച്ചതിന്റെ ഫലമായി 30-05-1949–ൽ കുട്ടികളെ ചേർത്ത് രണ്ടാം ഫോറവും 1950–ൽ മൂന്നാം ഫോറവും ആരംഭിച്ചു.

1948–ൽ മിഡിൽ സ്കൂൾ പൂർത്തിയാക്കിയതോടുകൂടി ഹൈസ്കൂൾ ആരംഭിക്കുന്നതിനായി ബഹു. റോമിയോസച്ചന്റെ ശ്രമഫലമായി അനുവാദം ലഭിക്കുകയും 1953–ൽ ഹൈസ്കൂൾ ആരംഭിക്കുകയും ചെയ്തു. ഹൈസ്കൂളിന്റെ ആരംഭത്തിൽ ബഹു സി. പാവുളായും തുടർന്ന് ബഹു. ശോശാമ്മ ടീച്ചറും സ്കൂളിനെ നയിച്ചു. റവ. ഫാ. ജോർജ്ജ് കലേക്കാട്ടിലിനു ശേഷം റവ. ഫാ. ജേക്കബ് കാര്യപ്പുറം, റവ. ഫാ. അലക്സാണ്ടർ ചെറുകരക്കുന്നേൽ, റവ. ഫാ. ജോസഫ് കീപ്പുറം എന്നിവർ മാനേജർമാരായി സേവനമനുഷ്ഠിച്ചു. അതിനുശേഷം ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് മാനേജർ സ്ഥാനം വഹിച്ചുവരുന്നു.

## സ്കൂളിന്റെ നേട്ടങ്ങൾ

| | | |
|---|---|---|
| **1960** | - | **എസ്.എസ്.എൽ.സി. സ്റ്റേറ്റ് രണ്ടാം സ്ഥാനം** |
| **1962** | - | **എസ്.എസ്.എൽ.സി. സ്റ്റേറ്റ് ഒന്നാം സ്ഥാനം** |
| **1965** | - | **എസ്.എസ്.എൽ.സി. കോട്ടയം ജില്ലയിൽ ഒന്നാം സ്ഥാനം** |
| **1973** | - | **സംസ്ഥാന കായികമേളയിൽ ലോംഗ്ജംബ്, റിലേ എന്നിവയിൽ ഒന്നാം സ്ഥാനവും സ്വർണ്ണമെഡലും** |
| **1976** | - | **രാഷ്ട്രപതി ഗൈഡ് അവാർഡ് 5 കുട്ടികൾക്ക്** |
| **1977** | - | **പാലാ കോർപ്പറേറ്റ് ഏജൻസിയിലെ മികച്ച് സ്കൂളിനുള്ള അവാർഡ്** |
| **1980 മുതൽ** | - | **തുടർച്ചയായി എസ്.എസ്.എൽ.സി. ക്ക് മികച്ച വിജയം** |
| **2019** | - | **എല്ലാ ക്ലാസ്സ് മുറികളും ഹൈ-ടെക് ആക്കി മാറ്റി** |
| **2023** | - | **സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു.** |

## പൊതുലക്ഷ്യങ്ങൾ

1. വിവിധ പാഠ്യപദ്ധതികളിലൂടെയും ക്ലാസ്സ്റൂം പ്രവർത്തനങ്ങളിലൂടെയും മലയാളം, ഇംഗ്ലീഷ്. ഹിന്ദി എന്നീ വിഷയങ്ങൾ എഴുതാനും വായിക്കാനും കഴിവ് നേടുക.
2. ഓരോ വിഷയത്തിനും പാഠഭാഗത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന പഠനശേഷികൾ കുട്ടികൾ നേടിയെടുക്കാൻ ശ്രദ്ധിക്കുക.
3. ടേമിലി പരീക്ഷകൾക്ക് പുറമേ, മിഡ്ടേം പരീക്ഷ നടത്തി, പഠനനിലവാരം ക്ലാസ്സ് പി.റ്റിഎ. വഴി രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
4. പത്രക്കുറിപ്പുകൾ വാർത്താവതരണം എന്നിവ തയ്യാറാക്കുക.
5. കലാകായിക പ്രതിഭകളെ കണ്ടെത്തി മതിയായ പ്രോത്സാഹനം നൽകുക. അതാത് വിഷയവുമായി ബന്ധപ്പെട്ട അധ്യാപകർക്ക് അതിന്റെ ഉത്തരവാദിത്വം നൽകുക.

## പ്രധാന പ്രതിസന്ധികൾ - പരിമിതികൾ

1. ആവശ്യമായ യാത്രാസൗകര്യങ്ങളുടെ അഭാവം

   തീർത്തും ഉൾഗ്രാമമായ മഞ്ഞാമറ്റത്തെ ഈ സ്കൂളിനു സമീപത്തുകൂടി നിലവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളൊന്നും സർവ്വീസ് നടത്തുന്നില്ല. ഏതാനും സ്വകാര്യ ബസ്സുകൾ മാത്രമാണ് നിലവിലുള്ളത്. സ്കൂൾ സമയത്ത് എത്തിച്ചേരാൻ ഇവയും കുട്ടികൾക്ക് ഉപകാരപ്രദമല്ല.

2. ആവശ്യത്തിനുള്ള കളിസ്ഥലത്തിന്റെ അപര്യാപ്തത

   സബ്ജില്ലാ, ജില്ലാ തലങ്ങളിൽവളരെ മികവ് പുലർത്തിവരുന്ന ഈ സ്കൂളിലെ കുട്ടികൾക്ക്, ആവശ്യമായ പരിശീലനം നൽകുന്നതിന് സഹായകമാകുന്ന വിധത്തിലുള്ള ഒരു കളിസ്ഥലം സ്കൂളിന് ഇല്ല. അതുപോലെ കളി ഉപകരണങ്ങളുടെ കുറവും മറ്റൊരു പ്രതിസന്ധിയാണ്. ഷട്ടിൽ കോർട്ട് തയ്യാറാക്കി പ്രത്യേകം പരിശീലനം നൽകുന്നു.

## ഭൗതിക സൗകര്യ വികസന ആസൂത്രണരേഖ

- ❖ മതിയായ ടോയ്‌ലറ്റ് സൗകര്യം ഉറപ്പുവരുത്തുക.
  പെൺകുട്ടികൾക്ക് ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്.
  പഞ്ചായത്ത് 4 ബാത്ത് റൂമുകൾ പണി കഴിപ്പിച്ചു
- ❖ കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിന് മേശ, കസേര, പൈപ്പ് സൗകര്യം, ഫാൻ തുടങ്ങിയ സൗകര്യങ്ങളോടു കൂടിയ ഡൈനിംഗ് ഹാൾ
- ❖ കളിസ്ഥല വികസനം – ഇൻഡോർ ഗെയിംസ്, സ്പോർട്സ് ഉപകരണങ്ങൾ, നീന്തൽ പരിശലനത്തിനുള്ള സൗകര്യം, ബാസ്ക്കറ്റ് ബോൾ പരിശീലനം.
- ❖ സിക്ക്റൂം,
- ❖ ആർട്ട് വർക്ക്ഷോപ്പ്,
- ❖ യു.പി. ക്ലാസ്സുകാർക്കുവേണ്ടി പ്രത്യേക കമ്പ്യൂട്ടർ ലാബ്, ആവശ്യത്തിന് കമ്പ്യൂട്ടർ.
- ❖ പുതിയ വെയ്റ്റിംഗ് ഷെഡ് നിർമ്മാണത്തിനായി പഞ്ചായത്തിനോട് ചേർന്ന് സഹകരിക്കുകയും സ്കൂളിന്റെ ഭിത്തിയോട് ചേർന്ന് വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കാൻ അനുവാദം നൽകുകയും ചെയ്തു.
- ❖ സ്കൂൾ ബസ് ഇടുന്നതിനായി പുതിയ ബസ് സ്റ്റാൻഡ് പണി തീർത്തു.

## സമൂഹബന്ധ ആസൂത്രണരേഖ

- ❖ പൂർവ്വ വിദ്യാർത്ഥി സംഘടന
- ❖ പൂർവ്വ അധ്യാപക സംഘടന
- ❖ എസ്.എസ്.ജി. ഇവയുടെ രൂപീകരണം
- ❖ You Tube ചാനൽ തുടങ്ങി
- ❖ ടീൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സജീവമാക്കി

## പ്രത്യേക പരിപാടികൾ

- ❖ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി മലയാളം, ഇംഗ്ലീഷ്. ഗണിതം ഇവയിൽ അടിസ്ഥാനം നേടുന്നതിനായി പ്രത്യേകം ഗ്രൂപ്പുകളായി തിരിച്ച് പരിശീലന പരിപാടി.
- ❖ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തി അവരുടെ മികവ് കണ്ടെത്താനുള്ള പരിപാടി. റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുക.
- ❖ 8, 9 ക്ലാസ്സുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി ശ്രദ്ധ പഠനപരിപാടി ആരംഭിച്ചു.

## അക്കാദമിക പ്രവർത്തനങ്ങൾ

- ❖ എട്ടാം ക്ലാസ്സിൽ എത്തുമ്പോഴേയ്ക്കും എല്ലാ കുട്ടികളും തെറ്റുകൂടാതെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾ എഴുതാനും വായിക്കാനുമുള്ള ശേഷി ആർജ്ജിച്ചെടുക്കുക.
- ❖ പത്താം ക്ലാസ്സിൽ പരീക്ഷയെഴുതുന്ന മുഴുവൻ കുട്ടികളെയും ഉയർന്ന ഗ്രേഡുകളിൽ പാസ്സാക്കുക. പൊതു അവധി ദിവസങ്ങളും രണ്ടാം ശനിയും ഒഴികെ ബാക്കിയുള്ള ശനിയാഴ്ചകളിൽ വിഷയം തിരിച്ചുള്ള ക്ലാസ്സുകൾ നടത്തുക. രാവിലെ 9.00 മണി മുതൽ 9.45 വരെയും വൈകുന്നേരം 4 മണി മുതൽ 4.30 വരെയും പ്രത്യേകം ക്ലാസ്സുകൾ എടുക്കുക.

- പഠിതാക്കളുടെ വീടുകളിൽ ക്ലാസ്സ് ടീച്ചറിന്റെ നേതൃത്വത്തിൽ സന്ദർശനം നടത്തുകയും അവരുടെ ഭൗതിക സാഹചര്യങ്ങളും പഠനസാഹചര്യങ്ങളും നേരിട്ടു മനസ്സിലാക്കി വേണ്ട സഹായസഹകരണങ്ങൾ നൽകുക.
- പത്താം ക്ലാസ്സിലെ പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ജനുവരി മാസം മുതൽ രാത്രി ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- പഠനനിലവാരത്തിന്റെ അടിസ്ഥാനത്തിൽ പത്താം ക്ലാസ്സിലെ കുട്ടികളെ എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് സി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനയും പ്രോത്സാഹനവും പരിശീലനവും നൽകുക.
- അഞ്ചാം ക്ലാസ്സ് മുതൽ എഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രത്യേക കമ്പ്യൂട്ടർ പരിശീലനം നൽകുക. അവധിക്കാലത്ത് കൂടുതൽ സമയം ഈ പരിശീലനത്തിന് നൽകുക.

## സർഗാത്മക പ്രവർത്തനങ്ങൾ

- കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം, വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ, സ്പെഷ്യൽ ടീച്ചേഴ്സിന്റെ നേതൃത്വം.
- സ്കൂൾ തല മത്സരങ്ങൾക്കും ക്ലബ്ബ് തല മത്സരങ്ങൾക്കും പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുക.
- മാർഗ്ഗം കളി, തിരുവാതിര, സംഘനൃത്തം ഇവയുടെ പരിശീലനത്തിനായി ഒരു ടീച്ചറിനെ കണ്ടെത്തി.

### ഹ്രസ്വകാല പദ്ധതികൾ

- സ്കൂൾ ബസ് ഷെഡ് പണികൾ പൂർത്തീകരിക്കുക.
- കുട്ടികളുടെ ഭവന സന്ദർശനം
- വിഷയം തിരിച്ചുള്ള പ്രത്യേക പരിഗണന
- ഈ വർഷത്തെ ഉപജില്ലാ കലോത്സവ വേദിയ്ക്കായി സ്കൂൾ സജ്ജീകൃതമാക്കാൻ ടീച്ചേഴ്സ് കൂട്ടായ ശ്രമങ്ങൾ നടത്തുന്നു.

### മധ്യകാല പദ്ധതികൾ

- ക്ലാസ്സ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തൽ
- ലാബ്, ലൈബ്രറി, ആർട്ട് ലാബ് ഇവയുടെ ശാക്തീകരണം
- ചിത്രരചന, സംഗീതം, കർട്ടൂൺ, കായികം, പ്രവർത്തിപരിചയം എന്നിവയിൽ ബന്ധപ്പെട്ട തലങ്ങളിൽ വിദഗ്ദ്ധ പരിശീലനം
- യോഗ, ഏറോബിക്സ്, കരാട്ടേ ശാക്തീകരണം
- റെഡ്ക്രോസ്, സ്കൗട്ട്, ഗൈഡ് ഇവയുടെ പ്രവർത്തന ശാക്തീകരണം
- ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം
- ഷീപാഡ് പദ്ധതി നടപ്പാക്കൽ
- ഡൈനിംഗ് ഹാൾ നിർമ്മാണം
- ബാസ്കറ്റ്ബോൾ കോർട്ട് നവീകരണവും ടീം രൂപീകരണവും
- ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ശക്തീകരണം

### ദീർഘകാല പദ്ധതികൾ

- പത്താം ക്ലാസ്സിന്റെ പഠനനിലവാരം മെച്ചപ്പെടുത്തൽ, കൂടുതൽ കുട്ടികളെ ഗ്രേസ്മാർക്കിന് അർഹരാക്കൽ.
- സ്കൂൾ കൊമ്പൗണ്ട് നവീകരണം .
- പഴയ കെട്ടിടം ഉപയോഗ്യമാക്കുക

**പ്രവർത്തനം 1**

*പ്രവർത്തനത്തിന്റെ പേര്* : **ഇംഗ്ലീഷ് അസംബ്ലി**

*ഉപമേഖല* : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക. ഇടവിട്ട് ക്ലാസ്സുകൾക്ക് ചുമതല നൽകുന്നു. | ആഴ്ചയിൽ രണ്ടു ദിവസം നൽകുന്നു. | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 2**

*പ്രവർത്തനത്തിന്റെ പേര്* : **ഇംഗ്ലീഷ് ഡയറി**

*ഉപമേഖല* : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ. | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ അഞ്ചു ദിവസം നൽകുന്നു. | ഇംഗ്ലീഷ് അധ്യാപിക | |

**പ്രവർത്തനം 3**

*പ്രവർത്തനത്തിന്റെ പേര്* : **പദപ്രശ്ന നിർമ്മാണം**

*ഉപമേഖല* : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം 4**

*പ്രവർത്തനത്തിന്റെ പേര്* : **ഇംഗ്ലീഷിൽ കത്തെഴുത്ത്**
*ഉപമേഖല* : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരുമാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടിയുമായി പ്രതിമാസ കത്തിടപാടുകളിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 5**

*പ്രവർത്തനത്തിന്റെ പേര്* : **മലയാള കൃതികൾ ഇംഗ്ലീഷിൽ വിവർത്തനം**
*ഉപമേഖല* : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യകൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | |

**പ്രവർത്തനം 6**

*പ്രവർത്തനത്തിന്റെ പേര്* : **നാടകക്കളരി**
*ഉപമേഖല* : **ഭാഷാശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് | |

**പ്രവർത്തനം 7**

*പ്രവർത്തനത്തിന്റെ പേര്* : **രചനാ ശിൽപശാല**
*ഉപമേഖല* : **മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, കവിയരങ്ങ്, രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ്സുമുറിയിലെ പഠനസാമഗ്രിയായി മേൽപ്പറഞ്ഞ ഉത്പന്നങ്ങൾ പ്രയോജനപ്പെടുത്തൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി | 5000 സ്പോൺസർഷിപ്പ് |

**പ്രവർത്തനം 8**

*പ്രവർത്തനത്തിന്റെ പേര്* : **ഗ്രന്ഥശാലാ ശാക്തീകരണം**
*ഉപമേഖല* : **ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണരജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം., പി.ടി.എ., ലൈബ്രേറിയൻ | 2000 സ്പോൺസർഷിപ്പ് |

**പ്രവർത്തനം 9**

*പ്രവർത്തനത്തിന്റെ പേര്* : **ഗണിതലാബ് സജ്ജീകരിക്കൽ**
*ഉപമേഖല* : **അക്കാദമികം, ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഒരു മുറയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിതക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | |

**പ്രവർത്തനം 10**

*പ്രവർത്തനത്തിന്റെ പേര്* : **ദിനാചരണങ്ങൾ**

*ഉപമേഖല* : **സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു, സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ്. ആർ. ജി. | |

**പ്രവർത്തനം 11**

*പ്രവർത്തനത്തിന്റെ പേര്* : **ഒറിഗാമി ശില്പശാല**

*ഉപമേഖല* : **അക്കാദമികം ഗണിതശേഷികൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വാകാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി.<br>ഒ.എസ്.എ. | 1000 ഒ.എസ്.എ. |

**പ്രവർത്തനം 12**

*പ്രവർത്തനത്തിന്റെ പേര്* : **ശാസ്ത്രലാബ് നവീകരിക്കൽ**

*ഉപമേഖല* : **അക്കാദമികം - ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും വിഷയംതിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

**പ്രവർത്തനം 13**

*പ്രവർത്തനത്തിന്റെ പേര്* : **പ്രതിഭാപോഷണ പരിപാടി**

*ഉപമേഖല* : **അക്കാദമികം – ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനങ്ങളും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിവസങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി.<br>എസ്.എസ്.ജി. | 5000<br>(സ്പോൺസർഷിപ്പ്) |

**പ്രവർത്തനം 14**

*പ്രവർത്തനത്തിന്റെ പേര്* : **സ്മാർട്ട് എനർജി പ്രോഗ്രാം**

*ഉപമേഖല* : **അക്കാദമികം – ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഊർജ്ജസംരക്ഷണം ഒരു ശീലമാക്കിമാറ്റൽ | വീടുകളിലും സ്ഥാപനങ്ങളിലും അനാവശ്യമായ ഊർജ്ജ ഉപയോഗം കണ്ടാൽ കാര്യക്ഷമമായി ഇടപെടുന്നതിനും മറ്റുള്ളവർക്ക് അവബോധം നൽകുന്നതിനും തക്ക പരിശീലനം നൽകൽ. | മാസം തോറും | കോർഡിനേറ്റേഴ്സ് | |

**പ്രവർത്തനം 15**

*പ്രവർത്തനത്തിന്റെ പേര്* : **ശാസ്ത്രയാത്രകൾ**

*ഉപമേഖല* : **അക്കാദമികം – ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹ കേന്ദ്രം, ശാസ്ത്രപ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നീരീക്ഷിക്കുന്നതിനുള്ള പഠനയാത്ര | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ്<br>പി.ടി.എ. | 15000<br>(ഒ.എസ്.എ.) |

**പ്രവർത്തനം 16**

*പ്രവർത്തനത്തിന്റെ പേര്* : **മേളകൾ**

*ഉപമേഖല* : **അക്കാദമികം - ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000 സി.എസ്. ആർ. ഫണ്ട് |

**പ്രവർത്തനം 17**

*പ്രവർത്തനത്തിന്റെ പേര്* : **സാമൂഹ്യശാസ്ത്ര ലാബ്**

*ഉപമേഖല* : **അക്കാദമികം - സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000 പി.റ്റി.എ. |

**പ്രവർത്തനം 18**

*പ്രവർത്തനത്തിന്റെ പേര്* : **പഠനയാത്രകൾ**

*ഉപമേഖല* : **അക്കാദമികം - സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | എസ്.ആർ. ജി. | 20000 സ്പോൺസർഷിപ്പ് |

**പ്രവർത്തനം 19**

*പ്രവർത്തനത്തിന്റെ പേര്* : **മോക്ക് പാർലമെന്റ്**

*ഉപമേഖല* : **അക്കാദമികം – സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് ഇവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഈ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് | വർഷത്തിൽ അഞ്ചു പ്രാവശ്യം | സ്കൂൾ പാർലമെന്റ് | |

**പ്രവർത്തനം 20**

*പ്രവർത്തനത്തിന്റെ പേര്* : **ബുള്ളറ്റിൻ ബോർഡ്**

*ഉപമേഖല* : **അക്കാദമികം – സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ വളർത്തുക | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ. ദിവസേന പ്രധാന വാർത്തകൾ പ്രദർശിപ്പിക്കൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000 പി.റ്റി.എ. |

**പ്രവർത്തനം 21**

*പ്രവർത്തനത്തിന്റെ പേര്* : **രാഷ്ട്രഭാഷ ശ്രേഷ്ഠഭാഷ**

*ഉപമേഖല* : **അക്കാദമികം – ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ്ബ് | 5000 എസ്.എസ്.ജി. |

**പ്രവർത്തനം 22**

*പ്രവർത്തനത്തിന്റെ പേര്* : **സംസ്കൃതോത്സവം**

*ഉപമേഖല* : **അക്കാദമികം - സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വേദഭാഷയായ സംസ്കൃതം - പരിചയപ്പെടൽ, എഴുതാനും വായിക്കാനും, സംസാരിക്കാനും, ആസ്വദിക്കാനും | സ്കൂൾതല സംസ്കൃതോത്സവത്തിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം. | അധ്യയന വർഷം | സംസ്കൃത ടീച്ചർ | |

**പ്രവർത്തനം 23**

*പ്രവർത്തനത്തിന്റെ പേര്* : **ചിത്രരചനാക്കളരി**

*ഉപമേഖല* : **അക്കാദമികം - കലാവിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | അവധി ദിവസങ്ങളിൽ തുടർച്ചയായ ചിത്രരചനാ പരിശീലനം | 5 ദിവസം | എസ്.ആർ.ജി. | 5000 പി.ടി.എ. |

**പ്രവർത്തനം 24**

*പ്രവർത്തനത്തിന്റെ പേര്* : **കായിക പരിശീലനം**

*ഉപമേഖല* : **അക്കാദമികം - കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായികപരിശീലനം. ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 3 ദിവസം | പി.ടി.എ., കായികാധ്യാപകൻ | 10000 സ്പോൺസർഷിപ്പ് |

**പ്രവർത്തനം 25**

*പ്രവർത്തനത്തിന്റെ പേര്* : **മെഡിക്കൽ ക്യാമ്പ്**

*ഉപമേഖല* : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശഓധന | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം.<br>പി.ടി.എ. | 10000<br>പി.ടി.എ. |

**പ്രവർത്തനം 26**

*പ്രവർത്തനത്തിന്റെ പേര്* : **പച്ചക്കറിത്തോട്ടം**

*ഉപമേഖല* : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷികസംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ പച്ചക്കറിതോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി.<br>എസ്.എസ്. ജി. | 5000<br>കൃഷിവകുപ്പ് |

**പ്രവർത്തനം 27**

*പ്രവർത്തനത്തിന്റെ പേര്* : **ജൈവ വൈവിധ്യപാർക്ക്**

*ഉപമേഖല* : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ. | ഒരു പ്രാവശ്യം | എസ്.ആർ. ജി. | 250000<br>സ്പോൺസർഷിപ്പ് |

**പ്രവർത്തനം 28**

*പ്രവർത്തനത്തിന്റെ പേര്* : **ക്ലാസ്സ് പി.ടി.എ. സജ്ജീവമാക്കൽ**

*ഉപമേഖല* : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. പ്രതിമാസം ചേരൽ, പഠനപുരോഗതി, പരിശോധന, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ ഉണ്ടാകണം. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 29**

*പ്രവർത്തനത്തിന്റെ പേര്* : **പോഷകാഹാര പരിപാടി**

*ഉപമേഖല* : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് ആവശ്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ. | 50000 സി.എസ്. ആർ. ഫണ്ട് |

**പ്രവർത്തനം 30**

*പ്രവർത്തനത്തിന്റെ പേര്* : **ജന്മദിനത്തിനൊരു പുസ്തകം**

*ഉപമേഖല* : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലെക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | |

**പ്രവർത്തനം 31**

*പ്രവർത്തനത്തിന്റെ പേര്* : **ശാസ്ത്ര മാജിക്ക്**

*ഉപമേഖല* : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ അവതരിപ്പിക്കുന്നു. | പ്രതിമാസ പരിപാടി | എസ്.ആർ. ജി. | |

**പ്രവർത്തനം 32**

*പ്രവർത്തനത്തിന്റെ പേര്* : **സ്കൂൾ മാഗസിൻ**

*ഉപമേഖല* : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കുക, സാഹിത്യ രചനകൾക്ക് അവസരം നൽകുക. | ക്ലാസ്സ് അടിസ്ഥാനത്തിൽ കൈയെഴുത്ത് പ്രതികൾ തയ്യാറാക്കുക. തിരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി സ്കൂൾതല മാസിക തയ്യാറാക്കുക. | ഒരു വർഷം | മലയാളം ടീച്ചർ | 2500 സി.എസ്. ആർ. ഫണ്ട് |

**പ്രവർത്തനം 33**

*പ്രവർത്തനത്തിന്റെ പേര്* : **പുതിയ മന്ദിരം**

*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | ഓഫീസ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം. മഴയിലും, വെയിലിലും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ. | രണ്ടു വർഷം | പി.ടി.എ. എൽ.എസ്. ജി.ഡി. | 50 ലക്ഷം എം.എൽ.എ. ഫണ്ട് |

**പ്രവർത്തനം 34**

*പ്രവർത്തനത്തിന്റെ പേര്* : **ശൗചാലയ സമുച്ചയം**

*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ശുചിത്വം കൂടുതൽ മെച്ചപ്പെടുത്തൽ | സൗകര്യപ്രദമായ സ്ഥലത്ത് ശൗചാലയ സമുച്ചയം നിർമ്മിക്കൽ. | രണ്ടു വർഷം | പി.ടി.എ. | 10 ലക്ഷം എം.എൽ.എ. ഫണ്ട് |

**പ്രവർത്തനം 35**

*പ്രവർത്തനത്തിന്റെ പേര്* : **ഡൈനിംഗ് ഹാൾ**

*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് ആവശ്യം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ നിർമ്മിക്കൽ. | രണ്ടു വർഷം | പി.ടി.എ. | 10 ലക്ഷം എം.പി. ഫണ്ട് |

**പ്രവർത്തനം 36**

*പ്രവർത്തനത്തിന്റെ പേര്* : **മൈതാന നിർമ്മാണം**

*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ മൈതാനം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ. | 60 ലക്ഷം ജില്ലാ പഞ്ചായത്ത് |

**പ്രവർത്തനം 37**

*പ്രവർത്തനത്തിന്റെ പേര്* : **കുടിവെള്ള വിതരണം**
*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം ലഭ്യമാക്കൽ | കിണറുകളിലെ ശുദ്ധജലം എല്ലാ ടാങ്കുകളിലും യഥേഷ്ടം ലഭ്യമാക്കൽ. ടോയ്ലറ്റ്, വാഷ് ടബ്ബ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | ആറു മാസം | പി.ടി.എ. | 2 ലക്ഷം ജില്ലാ പഞ്ചായത്ത് |

**പ്രവർത്തനം 38**

*പ്രവർത്തനത്തിന്റെ പേര്* : **യോഗ പരിശീലന കേന്ദ്രം**
*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനുവേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നു വീതം | പി.ടി.എ. | 2 ലക്ഷം ജില്ലാ പഞ്ചായത്ത് |

**പ്രവർത്തനം 39**

*പ്രവർത്തനത്തിന്റെ പേര്* : **നീന്തൽ കുളം**
*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ജലലഭ്യത, സ്ഥലവിസ്തൃതി പരിഗണിച്ച് നീന്തൽകുളം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ. | 50 ലക്ഷം ജില്ലാ പഞ്ചായത്ത് |

**പ്രവർത്തനം 40**

*പ്രവർത്തനത്തിന്റെ പേര്* : **ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ**

*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയപ്രവർത്തനങ്ങളുടെ സംഘാടനം | കംപ്യൂട്ടർ ലാബ്, ഓഫീസ്, ഹൈ-ടെക് ക്ലാസ്സ റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ | ഒരു വർഷം | പി.ടി.എ. | 20 ലക്ഷം<br>എം.എൽ.എ. ഫണ്ട്. |

**പ്രവർത്തനം 41**

*പ്രവർത്തനത്തിന്റെ പേര്* : **മാലിന്യ സംസ്കരണം**

*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കൽ | ഒരു വർഷം | പി.ടി.എ. | 1 ലക്ഷം<br>എം.പി. ഫണ്ട് |

**പ്രവർത്തനം 42**

*പ്രവർത്തനത്തിന്റെ പേര്* : **ബയോഗ്യാസ് പ്ലാന്റ്**

*ഉപമേഖല* : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റുക | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജം കണ്ടെത്തൽ | രണ്ടു വർഷം | പി.ടി.എ.<br>ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം<br>അനെർട്ട് |

**പ്രവർത്തനം 43**

*പ്രവർത്തനത്തിന്റെ പേര്* : **പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ**

*ഉപമേഖല* : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയാവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കുക | വർഷത്തിൽ രണ്ടു പ്രാവശ്യം | ഒ.എസ്.എ. | 10000 സ്പോൺസർഷിപ്പ് |

**പ്രവർത്തനം 44**

*പ്രവർത്തനത്തിന്റെ പേര്* : **പൂർവ്വാദ്ധ്യാപക സംഗമം**

*ഉപമേഖല* : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർബുക്ക് പരിശോധിച്ച് പൂർവ്വാധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | രണ്ടു വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | സ്റ്റാഫ് ഫണ്ട് |

**പ്രവർത്തനം 45**

*പ്രവർത്തനത്തിന്റെ പേര്* : **രക്ഷിതാക്കൾക്ക് ഇ-സാക്ഷരത**

*ഉപമേഖല* : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ / അവധിദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | മാസത്തിൽ ഒരു ദിവസം | ഐ.ടി. സ്കൂൾ എസ്.ഐ.റ്റി.സി. | 2 ലക്ഷം അനെർട്ട് |

**പ്രവർത്തനം 46**

*പ്രവർത്തനത്തിന്റെ പേര്* : **മത്സരപരീക്ഷകൾക്ക് പരിശീലനം**

*ഉപമേഖല* : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവിന്റെ ജനകീയ വൽക്കരണം | അവധി ദിവസങ്ങളിൽ വിരമിച്ച അധ്യാപകരെ ഉപയോഗപ്പെടുത്തി മത്സരപരീക്ഷകൾക്ക് പരിശീലനം | അവധി ദിവസങ്ങളിൽ | എസ്.ആർ.ജി.<br>പി.ടി.എ. | 10000<br>സ്പോൺസർഷിപ്പ് |

**പ്രവർത്തനം 47**

*പ്രവർത്തനത്തിന്റെ പേര്* : **കാരണവക്കൂട്ടം**

*ഉപമേഖല* : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | പ്രായമായവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. ചോദ്യാവലി, ആശയ വിനിമയം, വിവരണം. | വർഷത്തിൽ ഒന്ന് വീതം | എസ്.ആർ.ജി.<br>പി.ടി.എ. | 5000<br>സ്പോൺസർഷിപ്പ് |

**പ്രവർത്തനം 48**

*പ്രവർത്തനത്തിന്റെ പേര്* : **ഹരിത ഗ്രാമം**

*ഉപമേഖല* : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വഴികളിൽ തണൽമരങ്ങൾ വച്ചുപിടിപ്പിക്കൽ, പരിപാലനം | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. | 10000<br>സംഭാവന |

**പ്രവർത്തനം 49**

*പ്രവർത്തനത്തിന്റെ പേര്* : **പൊതിച്ചോറ്**

*ഉപമേഖല* : **സാമൂഹികം - ജീവകാരുണ്യം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | സ്കൂളിലെ മുഴുവൻകുട്ടികളും അധ്യാപക-അനധ്യാപകരും ഭക്ഷണപ്പൊതികൾ കൊണ്ടുവരുന്നു. അനാഥാലയം, ആശുപത്രികൾ എന്നിവയ്ക്ക് നൽകുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി.<br>പി.ടി.എ. | |

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- പൊതുവിദ്യാഭ്യാസം സമൂഹത്തിൽ എന്ന ആശയം നടപ്പാക്കുന്നു. മൂല്യാവബോധ സമൂഹത്തെ സൃഷ്ടിക്കുന്നു.
- കുട്ടികളുടെ സമഗ്രവ്യക്തിത്വ വികാസം പൂർണ്ണമാക്കുന്നു.

## മോണിട്ടറിംഗ് രീതി

- ദൈനംദിന മോണിട്ടറിംഗ് എച്ച.എം., എസ്.ആർ.ജി., പി.ടി.എ., എം.പി.ടി.എ. ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

## ഉപസംഹാരം



മറ്റക്കര സെന്റ് ജോസഫ്സ് ഹൈസ്കൂളിനെ മികവിന്റെ മികച്ച കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളും പദ്ധതികളും 'വിഷൻ സെന്റ് ജോസഫ്സ് 2030' എന്ന പദ്ധതിയിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നു. ഗുണമേന്മാ വിദ്യാഭ്യാസത്തിലൂന്നി മാനേജ്മെന്റിനോടൊപ്പം ജനപ്രതിനിധികളെയും പൊതുസമൂഹത്തെയും ഉൾപ്പെടുത്തി ഈ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനു വേണ്ട പഠനാനുഭവങ്ങളും പഠനപ്രവർത്തനങ്ങളും ഒരുക്കിയെടുക്കുന്നതിനും പരമാവധി ശ്രമിച്ചിട്ടുണ്ട്.




















# ST. JOSEPH'S H.S.

Mattakkara, Manjamattam
Ph: 0482-2542281, stjosephsmattakara@gmail.com